2017 1A

15

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്,
പട്ടം,തിരുവനന്തപുരം : 695 004
ഫോൺ:0471-2445749, 2445799
ഇ-മെയിൽ - dairydirector05@yahoo.com.in
dddtvm@gmail.com

നം: ജി1/13947/16 തീയതി:05/01/2017

## സർക്കുലർ നം.4/2017

വിഷയം:- ക്ഷീരവികസന വകുപ്പ് – പാലക്കാട് – അതിർത്തിക്കപ്പുറത്തുനിന്നും ക്ഷീരസംഘങ്ങൾ പാൽ ശേഖരിച്ച് മിൽമയ്ക്ക് നൽകുന്ന പ്രവണത – പിഴ ഈടാക്കുന്നതു സംബന്ധിച്ച്.

സൂചന :- 1) 07/04/2016-ന് ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ ചേമ്പറിൽ കൂടിയ കമ്മിറ്റി തീരുമാനങ്ങൾ.

2) 21/04/2016 തീയതിയിൽ പാലക്കാട് വച്ച് നടന്ന യോഗത്തിലെ 3-ാം നമ്പർ തീരുമാനം.

സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിൽ അന്യസംസ്ഥാനത്തു നിന്നും ഉള്ള പാൽ സംഭരിക്കുന്നതായി പാലക്കാട് ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പാൽ സംഭരണ വിലയിൽ വലിയ അന്തരം നിലനിൽക്കുന്നതിനാൽ വില കുറഞ്ഞ പാൽ കേരളത്തിലെ വിപണിയിലേയ്ക്ക് വരുന്നത് സഹകരണ പ്രസ്ഥാനമായ മിൽമയുടെ ആഭ്യന്തരവിപണിയെ ബാധിക്കുമെന്നതിനാൽ പാലക്കാട് ജില്ലയിൽ പാൽ സംഭരണത്തിന് മലബാർ മേഖലായൂണിയനും ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച ക്വാട്ട നിർണ്ണയികമ്മിറ്റിയും ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണത്തിന് ക്വാട്ട നിശ്ചയിക്കുകയും ആയതു പ്രകാരം സംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. മലബാർ മേഖലായൂണിയൻ എർപ്പെടുത്തിയിരുന്ന ക്വാട്ട സംബന്ധിച്ച് ക്വാട്ട പുനർനിർണ്ണയിച്ച് നൽകണമെന്ന സംഘങ്ങളുടെ ആവശ്യം സംബന്ധിച്ചും 07/04/2016-ന് ഡയറക്ടറുടെ ചേമ്പറിൽ വച്ച് 21/04/2016-ന് പാലക്കാട് ജില്ലയിൽ വച്ചും യോഗം ചേരുകയുണ്ടായി. ടി യോഗത്തിലെ 3-ാം നമ്പർ തീരുമാനപ്രകാരം അതിർത്തിക്കപ്പുറത്തു നിന്നും അനധികൃതമായി പാൽ കൊണ്ടുവരുന്നത് കണ്ടെത്തിയാൽ പിഴ ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. അന്യസംസ്ഥാനത്തു നിന്നും പാൽ സംഭരിക്കുന്നതായി അന്വേഷണത്തിൽ ബോധ്യപ്പെടുന്ന സാഹചര്യത്തിൽ ക്വാട്ട നിശ്ചയിച്ച തീയതി മുതൽ അധികരിച്ച് ഡെയറിയ്ക്ക് നൽകിയ പാലിന്, നൽകിയ വിലയുടെ ഇരട്ടിതുക മേഖലായൂണിയന് സംഘത്തിൽ നിന്നും ഈടാക്കാവുന്നതാണ്. ടി തുക സംഘം സെക്രട്ടറിയും

ഭരണസമിതിയംഗങ്ങളിൽ നിന്നും കൂട്ടായി സംഘത്തിലേയ്ക്ക് ഈടാക്കി വരവു വയ്ക്കേണ്ടതാണ്.

2. യഥാർത്ഥ പാൽ സംഭരണത്തെക്കാൾ വർദ്ധിച്ച അളവിൽ ക്വാട്ട നിശ്ചയിച്ച് നൽകിയിട്ടുള്ള സംഘങ്ങൾക്ക് ആയത് മലബാർ മേഖലായൂണിയൻ/ക്വാട്ട നിർണ്ണയകമ്മിറ്റി പുനർക്രമീകരിച്ച് നൽകുകയും വിവരം ഡെപ്യൂട്ടി ഡയറക്ടർ പാലക്കാടിനെയും ഡെയറി ഡയറക്ടറെയും സമയാസമയങ്ങളിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.
3. സംഘം പ്രവർത്തനപരിധിക്ക് പുറത്തുനിന്നും/അന്യസംസ്ഥാനത്ത് നിന്നും പാൽ സംഭരിക്കുകയും ഡെയറിയ്ക്ക് നൽകുകയും അപ്രകാരം പാൽ സംഭരണരജിസ്റ്ററിൽ കൃത്രിമം നടത്തുകയും ചെയ്യുന്ന സംഘം സെക്രട്ടറി, മറ്റ് ജീവനക്കാർക്കും എതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലയിൽ ഡെപ്യൂട്ടി ഡയറക്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. ബി.എം.സി. സംഘങ്ങളും ക്ലസ്റ്റർ സംഘങ്ങളും ഡെയറിയ്ക്ക് നേരിട്ട് പാൽ നൽകുന്ന സംഘങ്ങളും നിശ്ചിത പരിധിയ്ക്ക് മുകളിൽ നൽകുന്ന പാൽ അളവും ഓരോ 10 ദിവസത്തേയും ക്വാട്ടയിൽ അധികരിക്കാത്തവിധത്തിൽ ഡെയറി/ ബി.എം.സി.കളിൽ സംഭരണം മേഖലായൂണിയൻ ക്രമീകരിക്കണം.
5. നിശ്ചയിച്ച് നൽകിയിട്ടുള്ള പാൽ അളവ് സംഭരണ ക്വാട്ടയിൽ അധികരിച്ചതിന് ഡെയറി നൽകാതെ തടഞ്ഞുവച്ചിരിക്കുന്ന തുക അടിയന്തരമായി നൽകുന്നതിന് മേഖലായൂണിയൻ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ പിഴ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം ക്ഷീരസംഘങ്ങൾക്ക് ക്ഷീരവികസന വകുപ്പ് ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്.

ഡയറക്ടർ(i/c)

**പകർപ്പ്:**

1. മാനേജിംഗ് ഡയറക്ടർ, മലബാർ മേഖല ക്ഷീരോല്പാദക സഹകരണ യൂണിയൻ
2. ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. പാലക്കാട് ജില്ലയിലെ എല്ലാ ക്ഷീരസംഘങ്ങൾക്കും (ഡെപ്യൂട്ടി ഡയറക്ടർ പാലക്കാട് മുഖാന്തിരം)
4. പാലക്കാട് ജില്ലയിലെ അസിസ്റ്റന്റ് ഡയറക്ടർമാർ, ക്ഷീരവികസന ഓഫീസർമാർ, ഡെയറി ഫാം ഇൻസ്ട്രക്ടർമാർ (ഡെപ്യൂട്ടി ഡയറക്ടർ പാലക്കാട് മുഖാന്തിരം)
5. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
6. സി1, സി2, സി3, ഡി1, ഡി2, ഡി3, ജി1, ജി2 സെക്ഷനുകൾക്ക്.